**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5856** **16-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണത്തിന് ആവശ്യമായ ഭക്ഷ്യധാന്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ റേഷൻ കാർഡ് ഉടമകൾക്കും കൃത്യമായ അളവിൽ ഭക്ഷ്യ ധാന്യം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനു മുൻപ് അധിക വിഹിതമുൾപ്പെടെ ശരാശരി 16 ലക്ഷം മെ.ടൺ ധാന്യം പ്രതിവർഷം ലഭ്യമായിരുന്ന സ്ഥാനത്ത് 14.25 ലക്ഷം മെ.ടൺ ധാന്യമാണ് ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ളത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം സംസ്ഥാനത്തുള്ള 46.34 ശതമാനം ജനങ്ങൾ എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗത്തിൽ ഉൾപ്പെട്ട് വരുന്നു. നിലവിൽ 2011 ലെ സെൻസസ് അടിസ്ഥാനമാക്കിയാണ് മേൽ പറയപ്പെട്ട പ്രകാരം മുൻഗണനാ വിഭാഗത്തെ നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടൽ മൂലം കേരളത്തിലെ 100 ശതമാനം റേഷൻ വാങ്ങുന്ന ജനവിഭാഗങ്ങളേയും ആധാറുമായി ബന്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ 2011 ന് ശേഷം രാജ്യത്ത് ജനസംഖ്യ കണക്കെടുപ്പ് നടത്തിയിട്ടില്ല. Aadhar Statistics പ്രകാരം കേരളത്തിൽ നിലവിൽ 3,53,30,888 ജനങ്ങളുണ്ട്. ടി ജനസംഖ്യയ്ക്ക് ആനുപാതികമായി അധിക ധാന്യം ലഭിക്കുന്നതിന് സംസ്ഥാനം അഭ്യർത്ഥിച്ചിരുന്നെങ്കിലും അതിന് അനുകൂലമായ നടപടി കേന്ദ്രസർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. കേരളത്തിലേയ്ക്കുള്ള അരി വിഹിതം 2011 സെൻസസിലെ ജനസംഖ്യാ അടിസ്ഥാനത്തിൽ മാത്രമേ ലഭിക്കുന്നുള്ളൂ.<br><br>കൂടാതെ മുൻഗണനാ വിഭാഗത്തിലുൾപ്പെടാത്ത ബാക്കിയുള്ള 53.66 ശതമാനം ജനങ്ങൾക്ക് ടൈഡ് ഓവർ വിഹിതമായി ലഭിക്കുന്ന ഭക്ഷ്യധാന്യം (പ്രതിമാസം 33294.198 മെ.ടൺ) മതിയാകാതെ വരുന്നതിനാൽ വിവിധ ഘട്ടങ്ങളിൽ ഉയർന്ന വില നൽകി അരി വാങ്ങി നൽകേണ്ടി വരുന്നു. ടൈഡ് |

| | | | |
|---|---|---|---|
| | | | ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യമുപയോഗിച്ച് മുൻഗണനേതര വിഭാഗത്തിന് നാമമാത്രമായാണ് വിതരണം ചെയ്യാനാകുന്നതെന്നതിനാൽ കോവിഡ് കാലത്ത് കിലോ ഗ്രാമിന് 20 മുതൽ 22.50 രൂപ വരെ നൽകി എഫ്.സി.ഐ.യിൽ നിന്ന് അരി വാങ്ങി മുൻഗണനേതര വിഭാഗത്തിന് സൗജന്യമായും 15 രൂപ നിരക്കിലും വിവിധ മാസങ്ങളിൽ വിതരണം ചെയ്തിരുന്നു.<br><br>കേരളത്തിന് കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കണം എന്ന ആവശ്യവുമായി നിരവധി നിവേദനങ്ങൾ നൽകുകയും കേന്ദ്രവുമായി നേരിട്ട് ആശയ വിനിമയം നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഭക്ഷ്യധാന്യ വിഹിതം കൂടുതലായി അനുവദിക്കുന്നതിനുള്ള നടപടി കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് പൊതുവിതരണത്തിന് ആവശ്യമായ ഭക്ഷ്യ ധാന്യം അനുവദിക്കാത്തത് സംബന്ധിച്ച് കേരളത്തിന്റെ പ്രതിഷേധം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനു മുൻപ് അധിക വിഹിതമുൾപ്പടെ ശരാശരി 16 ലക്ഷം മെ.ടൺ ധാന്യം പ്രതിവർഷം ലഭ്യമായിരുന്ന സ്ഥാനത്ത് 14.25 ലക്ഷം മെ.ടൺ ധാന്യമാണ് ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ളത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം സംസ്ഥാനത്തുള്ള 46.34 ശതമാനം ജനങ്ങൾ എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗത്തിൽ ഉൾപ്പെട്ട് വരുന്നു. നിലവിൽ 2011 ലെ സെൻസസ് അടിസ്ഥാനമാക്കിയാണ് മേൽ പറയപ്പെട്ട പ്രകാരം മുൻഗണനാ വിഭാഗത്തെ നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടൽ മൂലം കേരളത്തിലെ 100 ശതമാനം റേഷൻ വാങ്ങുന്ന ജനവിഭാഗങ്ങളേയും ആധാറുമായി ബന്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ 2011 ന് ശേഷം രാജ്യത്ത് ജനസംഖ്യ കണക്കെടുപ്പ് നടത്തിയിട്ടില്ല. Aadhar Statistics പ്രകാരം കേരളത്തിൽ നിലവിൽ 3,53,30,888 ജനങ്ങളുണ്ട്. ടി ജനസംഖ്യയ്ക്ക് ആനുപാതികമായി അധിക ധാന്യം ലഭിക്കുന്നതിന് സംസ്ഥാനം അഭ്യർത്ഥിച്ചിരുന്നെങ്കിലും അതിന് അനുകൂലമായ നടപടി കേന്ദ്രസർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. കേരളത്തിലേയ്ക്കുള്ള അരി വിഹിതം 2011 സെൻസസിലെ ജനസംഖ്യാ അടിസ്ഥാനത്തിൽ മാത്രമേ ലഭിക്കുന്നുള്ളൂ.<br><br>കൂടാതെ മുൻഗണനാ വിഭാഗത്തിലുൾപ്പെടാത്ത ബാക്കിയുള്ള 53.66 ശതമാനം ജനങ്ങൾക്ക് ടൈഡ് ഓവർ വിഹിതമായി ലഭിക്കുന്ന ഭക്ഷ്യധാന്യം (പ്രതിമാസം 33294.198 മെ.ടൺ) മതിയാകാതെ |

| | | | |
|---|---|---|---|
| | | | വരുന്നതിനാൽ വിവിധ ഘട്ടങ്ങളിൽ ഉയർന്ന വില നൽകി അരി വാങ്ങി നൽകേണ്ടി വരുന്നു. ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യമുപയോഗിച്ച് മുൻഗണനേതര വിഭാഗത്തിന് നാമമാത്രമായാണ് വിതരണം ചെയ്യാനാകുന്നതെന്നതിനാൽ കോവിഡ് കാലത്ത് കിലോ ഗ്രാമിന് 20 മുതൽ 22.50 രൂപ വരെ നൽകി എഫ്.സി.ഐ.യിൽ നിന്ന് അരി വാങ്ങി മുൻഗണനേതര വിഭാഗത്തിന് സൗജന്യമായും 15 രൂപ നിരക്കിലും വിവിധ മാസങ്ങളിൽ വിതരണം ചെയ്തിരുന്നു.<br><br>കേരളത്തിന് കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കണം എന്ന ആവശ്യവുമായി നിരവധി നിവേദനങ്ങൾ നൽകുകയും കേന്ദ്രവുമായി നേരിട്ട് ആശയ വിനിമയം നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഭക്ഷ്യധാന്യ വിഹിതം കൂടുതലായി അനുവദിക്കുന്നതിനുള്ള നടപടി കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ